**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**04.02.2020-ൽ മറുപടിക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.613**

ലോഡ്ഷെഡ്ഡിംഗ്

| | ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഈ വർഷം ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | സംസ്ഥാനത്ത് ഈ വർഷം ലോഡ്ഷെഡ്ഡിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ ആഭ്യന്തര ഉൽപ്പാദനത്തിന്റെയും, നിലവിലുള്ള കരാറുകൾ പ്രകാരം ലഭിക്കാവുന്ന വൈദ്യുതിയുടേയും അടിസ്ഥാനത്തിൽ 2020-ലെ വേനൽക്കാലത്ത് പ്രതീക്ഷിക്കാവുന്ന വൈദ്യുതി കമ്മി പരമാവധി 500 മെഗാവാട്ടായിരിക്കുമെന്ന് കെ.എസ്.ഇ.ബി മുൻകൂട്ടി വിലയിരുത്തിയിരുന്നു. ഇപ്രകാരം പ്രതീക്ഷിക്കുന്ന വൈദ്യുതി കമ്മി ഹ്രസ്വകാല കരാറുകളിലൂടെ പരമാവധി നികത്തുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വേനൽക്കാലത്ത് അധിക വൈദ്യുതി ഉപഭോഗം നിറവേറ്റാൻ ആവശ്യാനുസരണം കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചിൽ നിന്നും DSM (ഡിമാന്റ് സൈഡ് മാനേജ്മെന്റ്) വഴിയും വൈദ്യുതി വാങ്ങുവാൻ കെ.എസ്.ഇ.ബി ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിനായി എന്തെല്ലാം മുൻകരുതലാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ